പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2397 **27-10-2026-ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി ക്ഷാമവും സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ സ്വീകരിച്ച നടപടികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാത്തതും നിരന്തരമായ വോൾട്ടേജ് തടസ്സങ്ങളും മൂലം ഗാർഹിക-വ്യാപാരി ഉപഭോക്താക്കൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: വോൾട്ടേജ് കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത് പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നിലവിലുള്ള ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി കൂട്ടുന്നതിനും സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കുന്നതിനും ഉള്ള പദ്ധതികൾ ദ്യുതി 2.0-ൽ, 2026- 2027 വർഷം ചെയ്യുവരുന്നു. കൂടാതെ ചങ്ങനാശ്ശേരി മണ്ഡലത്തിൽ തിരുവല്ല 110 കെവി സബ്സ്റ്റേഷൻ ചങ്ങനാശ്ശേരി 66 കെ.വി സബ്സ്റ്റേഷൻ തൃക്കൊടിത്താനം 110 കെവി സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള സപ്ലൈയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ സബ്സ്റ്റേഷനുകൾ റെയിൽവേയുടെ ഒരു സൈഡിൽ ആയതിനാൽ മറു സൈഡിലേക്ക് 11 കെവി ഫീഡേഴ്സ് എടുക്കുന്നതിന് പരിമിതികൾ ഉള്ളതിനാൽ പുതിയതായി നിർമ്മിച്ച ആലപ്പുഴ, കിടങ്ങര സബ്സ്റ്റേഷനിൽ നിന്നും രണ്ട് 11 കെ.വി ലൈനുകൾ കൊണ്ടുവരുന്നതിന്റെ ജോലികൾ നടന്നുവരുന്നു. കുറിച്ചി ഭാഗത്ത് പുതിയ ഒരു സബ്സ്റ്റേഷനുള്ള ശിപാർശ പരിഗണനയിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി സൂക്ഷിച്ചു വെക്കുന്നതിനുള്ള ഉചിതമായ സംവിധാനങ്ങളുടെ കുറവുമൂലം തടസ്സങ്ങൾ നേരിടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൗരോർജ സംഭരണത്തിനും ഗ്രിഡ് കണക്റ്റിവിറ്റിക്കുമുള്ള സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി വിതരണതല ബി.ഇ.എസ്.എസ്. (LT/Distribution BESS) നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ബി.ഇ.എസ്.എസ്. വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുമ്പോൾ ഉണ്ടാകാവുന്ന സാങ്കേതിക പ്രശ്നങ്ങളും അനുബന്ധ പഠനങ്ങളും പരിശോധിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ 5/11/2025 ൽ പുതുക്കിയ റിന്യൂവബിൾ എനർജി റെഗുലേഷൻ, 2025 ഇറക്കിയിട്ടുണ്ട്. ഇതിൽ സോളാർ പ്രോസ്യൂമേഴ്സിന്റെ മീറ്ററിംഗ് സമ്പ്രദായം നിബന്ധന കൾക്ക് വിധേയമായി പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ഈ റെഗുലേഷൻ പ്രകാരം പുതിയ ഗാർഹിക പ്രോസ്യൂമേഴ്സ്, തങ്ങൾ സ്ഥാപിച്ചിരിക്കുന്ന സോളാർ പ്ലാന്റിന്റെ ഉത്പാദന കപ്പാസിറ്റിയുടെ നിഷ്കർഷിച്ചിരിക്കുന്ന ഒരു നിശ്ചിത ശതമാനം ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കണമെന്ന നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സോളാർ ഊർജം സംഭരിക്കുന്നതിനുള്ള സാങ്കേതികവും അടിസ്ഥാനപരവുമായ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും ഗ്രിഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനും എന്തെങ്കിലും മാർഗ്ഗങ്ങൾ ഇതുവരെ നിർദ്ദേശിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) മണ്ഡലത്തിലെ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ പാതിവഴിയിൽ നിലച്ചുപോയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നിലവിലെ ദ്യുതി 2 പദ്ധതികൾ പൂർത്തികരിക്കാനുള്ള കാലാവധി 2027 മാർച്ച് മാസം വരെയാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ഈ നാല് മാസത്തിനുള്ളിൽ ചങ്ങനാശ്ശേരിയിലെ വൈദ്യുതി ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനും സോളാർ സ്റ്റോറേജ് പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി സ്വീകരിച്ച അടിയന്തര നടപടികളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ നൽകാമോ?

<u>മറുപടി:</u> ചങ്ങനാശ്ശേരി മണ്ഡലത്തിൽ സോളാർ ബാറ്ററി സ്റ്റോറേജ് പദ്ധതികൾ ഒന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ